**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം:DB1/80/2021-LSGD
തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21/02/2021

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ-ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ മുഖേനയും വിവിധ വകുപ്പുകൾ മുഖേനയും പൂർത്തീകരിച്ച വീടുകൾക്ക് ഇൻഷ്വറൻസ് പോളിസി - ആദ്യ ഗുണഭോക്താവിന് സർട്ടിഫിക്കറ്റ് വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃസംഗമവും- -മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന:- 19.2.2021-ലെ സ. ഉ (എം എസ്) നം. 54/2021/തസ്വഭവ.

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ മുഖേനയും വിവിധ വകുപ്പുകൾ മുഖേനയും നിർമ്മാണം പൂർത്തീകരിച്ച 2,50,547 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ജനുവരി 28-ാം തീയതി ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ടി വീടുകൾക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുവേണ്ടി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 2021 ഫെബ്രുവരി 24-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് സെക്രട്ടേറിയറ്റിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വെച്ച് ബഹു. ധനകാര്യവകുപ്പ് മന്ത്രി സംസ്ഥാനതലത്തിൽ ആദ്യ ഗുണഭോക്താവിനുള്ള പോളിസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 1 2 മണിക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ) ലൈഫ് ഗുണഭോക്താക്കളുടെ സംഗമം സംഘടിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. പ്രസ്തുത ചടങ്ങുകൾ ചുവടെ സൂചിപ്പിച്ചിട്ടുള്ളതു പ്രകാരം സംഘടിപ്പിക്കേണ്ടതാണ് .

1. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ജനപ്രതിനിധികളെയും ഗുണഭോക്തൃ കുടുംബങ്ങളെയും ഉൾപ്പെടുത്തി കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വേണം ചടങ്ങ് സംഘടിപ്പിക്കുക.
2. സെക്രട്ടേറിയറ്റിൽ വെച്ച് നടക്കുന്ന പരിപാടി കാണുന്നതിനുള്ള ക്രമീകരണങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടത്തേണ്ടതാണ്.
3. ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച് ലൈഫ് മിഷനിൽ നിന്നും ലഭ്യമാക്കുന്ന ഗുണഭോക്താക്കൾക്കുള്ള കത്ത് ഭവന നിർമ്മാണം പൂർത്തീകരിച്ച എല്ലാ ഗുണഭോക്താക്കൾക്കും തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ ചടങ്ങിൽവെച്ച് നൽകേണ്ടതാണ്.
4. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ബഹു. മന്ത്രിമാർ, എം.പി-മാർ, എം.എൽ.എ-മാർ, ജില്ലാ/ബോക്ക് ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.
5. പരിപാടിക്ക് ആവശ്യമായ പബ്ലിസിറ്റി പി.ആർ.ഡി മുഖേന നടത്തേണ്ടതാണ്.
6. തദ്ദേശസ്ഥാപനതലത്തിൽ ആവശ്യമായ സാങ്കേതിക സഹായം ഇൻഫർമേഷൻ കേരള മിഷൻ നൽകേണ്ടതാണ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.22 13:56:37 IST
Reason: Approved

സെക്ഷൻ ഓഫീസർ.

SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പി ആർ ഡി ഡയറക്ടർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, കില.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്